**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6560** **11-11-2021 - ൽ മറുപടിയ്ക്ക്**

**വിലത്തകർച്ചയിൽ നിന്നും കർഷകരെ പിടിച്ചുകയറ്റാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രളയം, കോവിഡ്, വന്യമൃഗശല്യം, കടക്കെണി തുടങ്ങിയ ദുരിതങ്ങൾ അനുഭവിക്കുന്ന കർഷകർക്ക് പ്രഹരമായി വിലത്തകർച്ചയേയും നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രാബല്യത്തിലുണ്ട്. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ് ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകൾ വഴിയും സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചച്ചന്തകൾ വഴിയും, 100 നഗര കാർഷിക വിപണികൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്. |
| (ബി) | മഴമൂലം വിളകൾ ചീഞ്ഞു പോകുന്നതും ഉൽപാദനം കൂടിയാൽ വില കുറയുന്നതുമായ ദുരവസ്ഥയിൽ നിന്നും കർഷകരെ കരകയറ്റാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | മഴമൂലം വിളകൾ ചീഞ്ഞു പോകുന്നതും ഉൽപാദനം കൂടിയാൽ വില കുറയുന്നതുമായ ദുരവസ്ഥയിൽ നിന്നും കർഷകരെ കരകയറ്റാൻ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും, മൂല്യവർധനവും വിപണനവും ലക്ഷ്യമാക്കി കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. അമിതമായ വിലത്തകർച്ച വരുമ്പോൾ ഹോർട്ടികോർപ്പ് വഴി ഉല്പന്നങ്ങൾ സംഭരണം നടത്തുന്നു 2. കേന്ദ്ര ഗവൺമെന്റിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചറൽ ഫണ്ട്(AIF) |

| | | | |
|---|---|---|---|
| | | | മുഖേന പ്രൈമറി അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ബാങ്കുകൾ, കാർഷിക ഉല്പാദന ഓർഗനൈസേഷനുകൾ (FPO) എന്നിവ വഴി കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിളകൾ സംഭരിക്കുവാനുള്ള സഹായ സഹകരണങ്ങൾ നൽകി വരുന്നുണ്ട്. 3. ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു ധനസഹായവും. 4. മൂല്യവർധിത ഉല്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ധനസഹായവും 5. ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ. 6. കണ്ടെയ്നർ മോഡൽ വില്പനശാലകൾ എന്നിവ ഒരുക്കുവാനുമുള്ള ധനസഹായവും നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ